# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3657 — 15/07/2015 – ൽ മറുപടിക്ക്

## കൽപ്പറ്റയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി. ശ്രേയാംസ്കുമാർ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| എ) കൽപ്പറ്റയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ടോ; വിശദമാക്കുമോ; | എ) കൽപ്പറ്റയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് 27/05/2014 ലെ സ.ഉ.(കൈ).56/2014/തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ബി) പ്രസ്തുത ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | ബി) പ്രസ്തുത ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനായി അനുയോജ്യമായ കെട്ടിടം കണ്ടെത്തി നൽകണമെന്ന് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറോട് ആവശ്യപ്പെട്ടതനുസരിച്ച് റന്റ് കമ്മിറ്റി അനുയോജ്യമായ രണ്ട് കെട്ടിടങ്ങൾ കണ്ടെത്തിയെങ്കിലും ഡിസ്പെൻസറി പ്രവർത്തിക്കുന്നതിനാവശ്യമായ മാറ്റം വരുത്തേണ്ടിയിരുന്നു. അതിൻപ്രകാരം മാറ്റം വരുത്തിയതിനുശേഷം വാടക സംബന്ധിച്ച തീരുമാനങ്ങൾക്കായി പ്രൊപ്പോസൽ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| സി) കൽപ്പറ്റയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) കൽപ്പറ്റയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - വയനാട് ജില്ലയിലെ കല്പറ്റയിൽ ഒരു ഏക ഡോക്ടർ ഇ.എസ്.ഐ ഡിസ്പെൻസറിയും അതിന്റെ പ്രവർത്തനത്തിനുവേണ്ട 9 തസ്തികകളും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (എഫ്) വകുപ്പ്

സ.ഉ(കൈ.)നം. 56 /2014/തൊഴിൽ. തിരുവനന്തപുരം, തീയതി: 27/05/2014

---

പരാമർശം:- 29/ 04/2013,05/07/2013 തീയതികളിലെ ബി2-8184/2013/ഡി.ഐ.എം.എസ് നമ്പരിലുള്ള ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ കത്തുകൾ.

**ഉത്തരവ്**

വയാനാട് ജില്ലയിലെ തൊഴിലാളികളുടെ ചികിത്സാ ആവശ്യം നിറവേറ്റുന്നതിനായി ഇ.എസ്.ഐ ആശുപത്രികൾ ഇല്ലായെന്ന കാര്യം പരിഗണിച്ച് ESI Corporation - implimentation survey നടത്തുകയും ഇ.എസ്.ഐ ആശുപത്രി ആരംഭിക്കുന്നതിന് മതിയായ എണ്ണം IP കൾ (Insured persons) ആപ്രദേശത്ത് ഉണ്ടെന്ന് കണക്കാക്കുകയുംചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ കോർപ്പറേഷനും ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറും ഇവിടെ പുതിയ ഇ.എസ്.ഐ ആശുപത്രി ആരംഭിക്കണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്തു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ ഫലമായി വയനാട് ജില്ലയിലെ കല്പറ്റയിൽ ഒരു ഏക ഡോക്ടർടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറി തുടങ്ങുവാനും അതിന്റെ പ്രവർത്തനത്തിനായി താഴെപറയുന്ന ഒൻപത് തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ | -1 |
| സ്റ്റാഫ്നഴ്സ് | -1 |
| ഫാർമസിസ്റ്റ് | -1 |
| ലോവർ ഡിവിഷൻ ക്ലർക്ക് | -1 |
| നഴ്സിംഗ് അസിസ്റ്റന്റ് | -1 |
| ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II | -2 |
| ഓഫീസ് അറ്റന്റന്റ് (പ്യൂൺ) | -1 |
| പാർടൈം സ്വീപ്പർ | -1 |
| | --------- |
| | 9 |

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ടോം ജോസ്

പ്രിൻസിപ്പൽ സെക്രട്ടറി.

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.

റീജിയണൽ ഡയറക്ടർ, ഇ.എസ്.ഐ. കോർപ്പറേഷൻ, തൃശ്ശൂർ

സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ, ഇ.എസ്.ഐ കോർപ്പറേഷൻ, തൃശ്ശൂർ

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്/ഡി.ബി.സെൽ) കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (യു.ഒ നം.102360/എച്ച്&എൽ-എ 1/2013/ധന.)

പൊതുഭരണ (എസ്.സി) വകുപ്പ് (21-05-14-ലെ മന്ത്രിസഭാ തീരുമാനം ഇനം നം. 5153 പ്രകാരം )

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ